പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *497 — 18.05. 2017 ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

ചോദ്യം — ഉത്തരം

ശ്രീ.എം.നൗഷാദ്
" എ.പ്രദീപ്കുമാർ
" കെ.വി.അബ്ദുൾ ഖാദർ
" സി.കെ.ഹരീന്ദ്രൻ

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) മുഖേന സ്വീകരിച്ചുവരുന്നത് ; | (എ) എനർജി മാനേജ്മെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളാണ് നടത്തി വരുന്നത്.<br>**ഗാർഹിക മേഖല** - ഗാർഹിക മേഖലയിലെ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് ഊർജ്ജ ക്ലിനിക്, ഊർജ്ജ കിരൺ, പൊതുജനബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തി വരുന്നു.<br>**വ്യവസായ മേഖല** - വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് പ്രോത്സാഹിപ്പിച്ച് ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് സൗജന്യ ഊർജ്ജ ഓഡിറ്റ്, ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം, ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ എംപാനൽമെന്റ്, ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ വിലയിരുത്തൽ പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നു.<br>**പൊതുകെട്ടിടങ്ങൾ/വാണിജ്യമേഖല** – - വാണിജ്യമേഖലയിലെ കെട്ടിടങ്ങളെ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകി വരുന്നു.<br>**വിദ്യാഭ്യാസ മേഖല** - വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിനായി സ്മാർട്ട് എനർജി പ്രോഗ്രാം നടത്തി വരുന്നു.<br>**കാർഷിക മേഖല** - കാര്യക്ഷമതയുള്ള കാർഷിക പമ്പുസെറ്റുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഗവേഷണം, പരിശീലനം, പ്രദർശനം, ബോധവൽക്കരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) **ഗവേഷണം** -ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക – സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. 2016-17 ൽ ഗവേഷണ പദ്ധതികൾക്ക് 25 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2017-18 ൽ ഗവേഷണത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**പരിശീലനം** - പരിശീലന പരിപാടികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലകർക്കുള്ള പരിശീലനം. |

| | |
|---|---|
| | ഊർജ്ജ ക്ലിനിക്ക് പരിപാടി നടത്തുന്ന വാളണ്ടിയർമാർക്കുള്ള പരിശീലനം, സ്മാർട്ട് എനർജി പ്രോഗ്രാം കോ - ഓർഡിനേറ്റർമാർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം, എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സംബന്ധിച്ച് എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, മറ്റു ബന്ധപ്പെട്ടവർ എന്നിവർക്ക് പരിശീലനം, വ്യവസായങ്ങളിൽ സാങ്കേതിക വിദഗ്ധർ, ഊർജ്ജ മാനേജർമാർ എന്നിവർക്കുള്ള പരിശീലനങ്ങൾ എന്നിവ നൽകി വരുന്നുണ്ട്.<br>**പ്രദർശനം** - പൊതുജനങ്ങൾക്ക് വിവിധ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പ്രദർശനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സാമൂഹ്യ – സേവന സംഘടനകൾ എന്നിവ നടത്തി വരുന്ന മേളകൾ, ഉത്സവങ്ങൾ എന്നിവയിൽ പങ്കെടുത്തു വരുന്നു.<br>**ബോധവൽക്കരണം** - പൊതുജന ബോധവൽക്കരണത്തിനായി വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് ഓർഗനൈസേഷൻ എന്നിവയുമായി സഹകരിച്ച് പൊതുജന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക്ക് പരിപാടിയുടെ ഭാഗമായും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. |
| (സി)ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ കീഴിൽ ഊർജ്ജ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) ഗാർഹികമേഖലയിലെ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് വീട്ടമ്മമാർക്ക് ഇ.എം.സി യിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാർ നടത്തുന്ന ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജ ക്ലിനിക്ക്. സ്ത്രീ കൂട്ടായ്മകൾ സംഘടിപ്പിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനു പുറമെ ഊർജ്ജ സംരക്ഷണത്തെ സംബന്ധിച്ചുള്ള സർവ്വേകൾക്കായി പ്രദർശന സ്റ്റാളുകൾ കൈകാര്യം ചെയ്യുന്നതിനും ക്ലിനിക്ക് വാളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തുകൾ, കുടുംബശ്രീ, സേവന സംഘടനകൾ, ആൾ ഇന്ത്യ വുമൺസ് കോൺഫറൻസ് എന്നിവയുമായി ചേർന്നാണ് വാളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത്. |
| (ഡി)ഇ.എം.സിയുടെ ആഭിമുഖ്യത്തിൽ വിവിധ മലയോര ജില്ലകളിൽ പൈക്കോ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഇ.എം.സി യുടെ ആഭിമുഖ്യത്തിൽ കേന്ദ്ര നവീന നവീകരണീയ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായത്തോടുകൂടി 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2 ലക്ഷം രൂപ വരെ ചെലവു വരുന്ന ഒരു പദ്ധതിക്ക് കേന്ദ്ര സാമ്പത്തിക സഹായമായി 1.50 ലക്ഷം രൂപ വരെ ഇ.എം.സി വഴി നൽകുന്നുണ്ട്. ഇത്തരത്തിൽ 100 ഓളം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട, കോട്ടയം, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ